# ക്രിസ് വോയ്സ്

ലക്കം 07 | പുസ്തകം 06

തിരുപുറം സെന്റ് ഫ്രാൻസിസ് സേവ്യർ ഇടവക ബുള്ളറ്റിൻ

sfxtpm sfxtpm

Web : sfxthirupuram.in



## ആഗസ്റ്റ് 2026





രക്ഷാധികാരി
**റവ.ഫാ. ജിബിൻരാജ്**

ചീഫ് എഡിറ്റർ
**എസ്.ഒ. ഷാജികുമാർ**

എഡിറ്റേഴ്സ്
**അതുൽ. പി.എസ്**
**രമണി റോസ്**
**സുലോചന**
**ആൻസി. എസ്.എസ്**
**എസ്. സുധ**

ലേ ഔട്ട് & അച്ചടി
**ജനനി പ്രിന്റ് മീഡിയ**
**തിരുവനന്തപുരം**
**ഫോൺ : 9747 000 876**


## ഉള്ളടക്കം


ക്രിസ് വോയ്സ് ക്വിസ് 9 വിജയികൾ .... 2
കറന്റ് അഫയേഴ്സ് ക്വിസ് 2 വിജയികൾ .. 2
ഇടയസ്വരം.................................... 3
എഡിറ്റേഴ്സ് വോയ്സ്........................ 4
കറന്റ് അഫയേഴ്സ് ക്വിസ് 4 ഉത്തരങ്ങൾ......................... 4
മാതൃസ്നേഹം ................................. 5
2026 ജൂൺ മാസം വരി തന്നവരുടെ പേരുവിവരം.................... 6
2026 ജൂൺ മാസത്തെ വരവ്-ചെലവ് കണക്കുകൾ ............. 7-9
കറന്റ് അഫയേഴ്സ് ക്വിസ് 5 ചോദ്യങ്ങൾ................................. 9-10
ക്രിസ് വോയ്സ് ക്വിസ് 9 ഉത്തരങ്ങൾ ............................... 10-11
ക്രിസ് വോയ്സ് 10 ചോദ്യങ്ങൾ........ 11-12
സമുദായ സർട്ടിഫിക്കറ്റ് സർക്കാർ ഉത്തരവ് ...................... 13-14


**ഇടവക ബുള്ളറ്റിൻ** : Private Circulation Only

**അടുത്തലക്കം ക്രിസ് വോയ്സ് പ്രസിദ്ധീകരിക്കുന്നതിനുള്ള സാഹിത്യ സൃഷ്ടികളും ആശംസകളും ഫോട്ടോകളും ആഗസ്റ്റ് 16 ന് മുമ്പ് ബന്ധപ്പെട്ടവരെ ഏൽപ്പിക്കേണ്ടതാണ്.**

### ക്രിസ് വോയ്സ് ക്വിസ് 9 വിജയികൾ

| | |
|---|---|
| 1. റോബി. കെ | 2. ബീനാഷാജി |
| 3. ലില്ലി | 4. ഷിബാറാണി |
| 5. രാഗി | 6. ആരോൺ |
| 7. സരിത | 8. നിബി |
| 9. സുധ | 10.ഗീതുമോൾ |
| 11. കവിതാരഘു | 12.സജിത. V.S |

### കറന്റ് അഫയേഴ്സ് ക്വിസ് 2 വിജയികൾ

First : Shibi Roy R.V
Shelma S.S
Second : Pravitha P.V






# ഇടയസ്വരം

ക്രിസ്തുവിൽ സ്നേഹം നിറഞ്ഞവരേ,

സ്വാതന്ത്ര്യ ദിനത്തിന്റെ സന്തോഷവും സ്വർഗാരോപണ തിരുനാളിന്റെ ആത്മീയ നിറവും ഒത്തുചേർന്ന ഒരു മാസമാണല്ലോ ഓഗസ്റ്റ് മാസം. മലയാളികളായ നമ്മെ സംബന്ധിച്ചിടത്തോളം വിളവെടുപ്പ് ഉത്സവമായ ഓണവും ഇക്കാലയളവിൽ ആഘോഷിക്കുന്നു. അവധിക്കാലവും ആഘോഷവും ബന്ധുവീട് സന്ദർശനവും പ്രാർത്ഥനാനിർഭരനിമിഷങ്ങളും ഒത്തുചേരുമ്പോൾ ഈ മാസം അനുഗ്രഹിക്കപ്പെട്ട ദിനങ്ങളുടെ പൂക്കളം തീർക്കുന്നു.

പാപത്തിൽ വീണ്ടും വീണ്ടും വീഴുന്ന മനുഷ്യരെ രക്ഷിക്കുവാൻ ദൈവം തീരുമാനിച്ചപ്പോൾ കണ്ടെത്തിയ മാർഗമാണ് മാതൃകയായി മനുഷ്യന് ക്രിസ്തുവിനെ നൽകുക എന്നത്. എന്നാൽ ദൈവം മനുഷ്യനായി ഭൂമിയിൽ അവതരിച്ച് യേശുക്രിസ്തുവായി ജീവിച്ച് കുരിശിൽ മരിച്ച് മൂന്നാം നാൾ ഉത്ഥാനം ചെയ്തപ്പോൾ ദൈവം കരുതി മനുഷ്യന് ഇതൊരു മാതൃകയാകും പാപത്തിൽ നിന്ന് രക്ഷനേടാനും പ്രലോഭനങ്ങൾ അതിജീവിക്കുവാനും എന്ന്. എന്നാൽ മനുഷ്യമനസ് വീണ്ടും മന്ത്രിക്കാൻ തുടങ്ങി : ദൈവമായതു കൊണ്ടല്ലേ യേശുവിന് പ്രലോഭനങ്ങളെ അതിജീവിക്കുവാനും വിശുദ്ധിയിൽ ജീവിക്കുവാനും സാധിച്ചത്?. അങ്ങനെ ദൈവീകപദ്ധതിക്ക് തുരങ്കം വച്ചുകൊണ്ട് മറുവാദങ്ങൾ മനുഷ്യൻ കണ്ടെത്തി. എന്നാൽ ദൈവം മറ്റൊരു മാതൃക കൂടി മനുഷ്യന് നൽകി. അത് പരിശുദ്ധ കന്യകാമറിയമാണ്. പൂർണ്ണമായും മനുഷ്യനായി മാത്രം പിറന്ന വ്യക്തി വിശുദ്ധി കാത്തുസൂക്ഷിക്കുകയും ജീവിതാവസാനം വരെ ദൈവത്തിന് നൽകിയ വാക്ക് പാലിക്കുകയും ചെയ്തു. അങ്ങനെ പഴയ നിയമത്തിലെ ഹവ്വ ദൈവത്തിന്റെ വാക്ക് ധിക്കരിച്ചതിന് പകരമായി പുതിയ നിയമത്തിലെ ഹവ്വയായ പരിശുദ്ധ കന്യകാമറിയം ജീവനുള്ളവരുടെ എല്ലാം മാതാവായി ജീവൻ നൽകുന്ന ക്രിസ്തുവിന്റെ അമ്മയായി വിശുദ്ധ ജീവിതം നയിക്കുന്നവർക്ക് മാതൃകയുമായി. ഈ പരിശുദ്ധ കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണ തിരുനാൾ ആഘോഷിക്കുമ്പോൾ ദൈവം നമുക്ക് നൽകിയ സ്വാതന്ത്ര്യം തിന്മ തിരഞ്ഞെടുക്കുവാൻ ഉപയോഗിച്ച ആദ്യ മാതാപിതാക്കളെ തള്ളിപ്പറഞ്ഞ് നന്മ തിരഞ്ഞെടുത്ത പരിശുദ്ധ കന്യകാമറിയത്തെ പിൻചെല്ലാൻ സാധിക്കട്ടെ. അങ്ങനെ വിശുദ്ധ ജീവിതം എന്നത് നമ്മുടെ ഉത്തരവാദിത്വവും കടമയുമായി മാറട്ടെ.

# എഡിറ്റേഴ്സ് വോയ്സ്

EDITOR'S PAGE



**എസ്.ഒ. ഷാജികുമാർ**
ചീഫ് എഡിറ്റർ

പ്രിയരേ,

ഇന്ത്യൻ യുവജനങ്ങൾ പക്വമതികളായ ഉത്തമ പൗരന്മാരായി മാറിയിരിക്കുന്നു എന്നാണ് 'പാറ്റ വിപ്ലവം' തെളിയിച്ചിരിക്കുന്നത്. സമീപകാലം വരെ ഹിന്ദുവെന്നും മുസ്ലീമെന്നും, ക്രിസ്ത്യനെന്നും, സവർണനെന്നും അവർണനെന്നും ഇന്ത്യൻ യുവാക്കളെ വിവിധ ധ്രുവങ്ങളിൽ ഭിന്നിപ്പിച്ച് നിർത്തുകയും മദ്യവും മയക്കുമരുന്നും വ്യാപകമായി യുവാക്കൾക്കിടയിൽ പ്രചരിപ്പിച്ച് അന്തർദേശീയ മാഫിയ പിന്തുണയോടെ രാജ്യത്ത് ഫാസിസ്റ്റ് വ്യവസ്ഥിതി യുവാക്കളുടെ ഭാവി കൊണ്ട് പന്താടുകയായിരുന്നു. അതിന്റെ ഏറ്റവും അവസാനത്തെ ദൃഷ്ടാന്തമാണ് കേന്ദ്ര ബിജെപി സർക്കാരിന്റെ നേതൃത്വത്തിൽ തുടർന്നു വന്ന പ്രവേശനപരീക്ഷാ വിവാദം. നാളെയുടെ രാഷ്ട്രശില്പികളെ മുളയിലേ നുള്ളിക്കളഞ്ഞ് അരാജകത്വം സൃഷ്ടിച്ച് സംഘി സംസ്കാരം അടിച്ചേല്പിക്കാനുള്ള കുൽസിതശ്രമങ്ങൾ പരാജയപ്പെടുത്താൻ സകലതും മറന്ന് രാജ്യതലസ്ഥാനമായ ഡൽഹിയിൽ യുവാക്കൾ ഒത്തുകൂടിയപ്പോൾ ഭീകരരെപ്പോലെ അവരെ നേരിട്ട മോഡി സർക്കാരിനെ ചങ്ങലക്കിട്ടുകൊണ്ട് പ്രതിപക്ഷ കക്ഷി നേതാക്കളും വിദ്യാർത്ഥികളോടൊപ്പം അണിചേർന്ന് നേടിയ വിജയം രാജ്യത്തെ സ്വാതന്ത്ര്യത്തിന് ശേഷമുള്ള മഹാവിപ്ലവമായി മാറി. ഈ മഹാവിപ്ലവത്തിന്റെ പിന്നിൽ അണിനിരന്ന പ്രതികരണശേഷി നഷ്ടപ്പെടാത്ത വിദ്യാർത്ഥികളെയും യുവാക്കളെയും പ്രതിപക്ഷ നേതാക്കളെയും 'ക്രിസ് വോയിസ് ' അഭിനന്ദിക്കുന്നു.

REKHA. R.K



**കറന്റ് അഫയേഴ്സ് ക്വിസ് 4 ഉത്തരങ്ങൾ**

1. മുഖരാഗം
2. സഫ്രീന ലത്തീഫ്
3. Mariangela Hungria
4. Tapan Kumar Deka
5. Kalam : The Missile Man of India
6. Kota (രാജസ്ഥാൻ)
7. ബാനു മുഷ്താഖ് : ഇറ്റാലിയൻ ഓപ്പൺ 2025
   കാർലോസ് അൽക്കാരസ് : പുരുഷ സിംഗിൾസ്
   ജാസ്മിൻ പൗലിനി : വനിത സിംഗിൾസ്
8. ദ്രൗപതി മുർമ്മു
9. ഊർസുല ഡെർ ലെയ്ൻ അന്റോണിയോ കോസ്റ്റ
10. ജിനാലി മോദി



# മാതൃസ്നേഹം

നിറമിഴിയോടെ ഞാൻ നിലവിളിച്ചീടുമ്പോൾ
നീയെന്നരികിൽ വരില്ലേ... അമ്മേ
നീയെന്നരികിൽ വരില്ലേ

ഹൃദയം വിങ്ങി ഞാൻ തേങ്ങി കരയുമ്പോൾ
നീയെന്നെ താങ്ങുകയില്ലേ... അമ്മേ
നീയെന്നെ താങ്ങുകയില്ലേ

കണ്ണുനീർത്തുള്ളികളാൽ ജപമാല ചൊല്ലുമ്പോൾ
നീയെന്നെ കേൾക്കുകില്ലേ... അമ്മേ
നീയെന്നെ കേൾക്കുകില്ലേ

നാഥന്റെ സന്നിധേ നിന്നുഞാനുരുകുമ്പോൾ
നീയെന്നെ തഴുകുകില്ലേ... അമ്മേ
നീയെന്നെ തഴുകുകില്ലേ

ഏകയായ് ഞാനിന്ന് നിന്നരികിലെത്തുമ്പോൾ
നീയെന്നെ പുണരുകില്ലേ... അമ്മേ
നീയെന്റെ സ്വന്തമല്ലേ



സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റി തിരുപുറം
കോൺഫറൻസ് ഭവന നിർമ്മാണത്തിന് ധനസഹായം നൽകുന്നു.



**6-ാം ജന്മദിനം ആഘോഷിക്കുന്ന**

## Jissa Maria Berlin ന്

**പിറന്നാളാശംസകളും**
**ദൈവാനുഗ്രഹവും നേരുന്നു.**



# 2026 ജൂൺ മാസം വരി തന്നവരുടെ പേര് വിവരം

| | |
|---|---|
| 1. ക്രിസ്തുരാജൻ, പഴയകട | 700 |
| 2. ശ്രീകാന്ത്, പഴയകട | 500 |
| 3. ജിജി, കടവിള | 9000 |
| 4. വിൻസെന്റ്, മണലിക്കടവ് | 300 |
| 5. കൃഷ്ണൻ നാടാർ, മണലിക്കടവ് | 740 |
| 6. അഖിൽ, പുന്നയ്ക്കാവിള | 1000 |
| 7. അനിൽകുമാർ, മണലിക്കടവ് | 200 |
| 8. വിജിൻരാജ്, പ്ലാന്തോട്ടം | 600 |
| 9. ശോഭന, മണ്ണക്കല്ല് | 600 |
| 10. മധു, പുന്നയ്ക്കാവിള | 300 |
| 11. അപ്പുക്കുട്ടൻ, പുത്തൻകട | 500 |
| 12. സജിത്ത്.വി, പുന്നയ്ക്കാവിള | 750 |
| 13. വിൻസെന്റ്, പുന്നയ്ക്കാവിള | 150 |
| 14. അനീഷ്, താഴയ്ക്കാമണ്ണടി | 1000 |
| 15. ഷാജിൻ, ചില്ലിൻവിള | 3000 |
| 16. പ്രേംകുമാർ, മുടന്താന്നി | 150 |
| 17. ദേവസഹായം, കാരയ്ക്കാവിള | 300 |
| 18. അനിൽകുമാർ, കുളങ്ങരവിള | 1000 |
| 19. സിസിലി, പണ്ടാരതോട്ടം | 500 |
| 20. ജോസ്, കാരയ്ക്കാവിള | 600 |
| 21. ശ്രീധരൻ, പഴയകട | 1000 |
| 22. പ്രവീൺ ഫ്രാൻസിസ്, കാരയ്ക്കാവിള | 500 |
| 23. അഖിൽകുമാർ. റ്റി, മുടന്താന്നി | 250 |
| 24. കെ.ആർ. മണി, പള്ളിമന | 400 |
| 25. രഗേഷ് വി. മണി, പള്ളിമന | 1000 |
| 26. സുജിത്ത്. ജി, കുളങ്ങരവിള | 50 |
| 27. നോബിൾരാജ് റ്റി.എൽ, പുത്തൻകട | 1000 |
| 28. സുകുമാരൻ, വലിയവിള | 300 |
| 29. വിനോദ് എസ്.ആർ, പ്ലാന്തോട്ടം | 2400 |
| 30. അഖിൽ. ആർ, മോന്തിവിള | 1000 |
| 31. രാജൻ, മോന്തിവിള | 500 |
| **ആകെ** | **30290** |




ആഗസ്റ്റ് 18ന് 32-ാം വിവാഹവാർഷികം ആഘോഷിക്കുന്ന
**പപ്പയ്ക്കും അമ്മയ്ക്കും**
അഞ്ചാം വിവാഹവാർഷികം ആഘോഷിക്കുന്ന
**വല്യേട്ടനും ചേട്ടത്തിക്കും**
ഒന്നാം വിവാഹവാർഷികം ആഘോഷിക്കുന്ന
**അച്ചു ചേട്ടനും ചേട്ടത്തിക്കും**
എല്ലാവിധ ദൈവാനുഗ്രഹവും നേരുന്നു.

ആശംസകളോടെ
**അജിൽ ബി ഷാജി (കിച്ചു)**

| 2026 ജൂൺ മാസത്തെ വരവ്-ചെലവ് കണക്കുകൾ | |
|---|---|
| **വരവ്** | |
| ഞായർ I ദിവ്യബലി കാണിക്ക | 4561 |
| കാഴ്ചവയ്പ്, കുളങ്ങരവിള BCC | 2150 |
| മുൻലേലവരവ് | 200 |
| ഞായർ II ദിവ്യബലി കാണിക്ക | 4265 |
| പട്ട്യക്കാല കുരിശ്ശടി തിരുനാൾ ചെലവ് കഴിഞ്ഞ് വരവ് | 1471 |
| ഞായർ I ദിവ്യബലി കാണിക്ക | 21906 |
| കാഴ്ചവയ്പ്, മണ്ണക്കല്ല് BCC | 2360 |
| ഞായർ II ദിവ്യബലി കാണിക്ക | 26623 |
| ദൈവാലയത്തിലെ തിരുസ്വരൂപത്തിലെ | |
| നോട്ടുമാല 2 എണ്ണം 20 X 22 + 10 X 11 | 550 |
| പള്ളി കുരിശ്ശടി കാണിക്ക | 10851 |
| പട്ട്യക്കാല കുരിശ്ശടി കാണിക്ക | 6344 |
| പട്ട്യക്കാല നോട്ടുമാല 1 എണ്ണം 100X10 | 1000 |
| പണ്ടാരത്തോട്ടം കുരിശ്ശടി കാണിക്ക | 2351 |
| പണ്ടാരത്തോട്ടം കുരിശ്ശടി നോട്ടുമാല 1 എണ്ണം 100X10 | 1000 |
| പണ്ടാരത്തോട്ടം കുരിശ്ശടി സ്വർണക്കുരിശ് | 1 എണ്ണം |
| പണ്ടാരത്തോട്ടം കുരിശ്ശടി സ്വർണപൊട്ട് | 2 എണ്ണം |
| പണ്ടാരത്തോട്ടം കുരിശ്ശടി സാരി | 2 എണ്ണം |
| പുന്നയ്ക്കാവിള കുരിശ്ശടി കാണിക്ക | 1117 |
| പുന്നയ്ക്കാവിള കുരിശ്ശടി സ്വർണപ്പൊട്ട് | 2 എണ്ണം |
| കടവിള കുരിശ്ശടി കാണിക്ക | 5220 |
| കടവിള കുരിശ്ശടി നോട്ടുമാല 1 എണ്ണം 10X10 | 100 |
| കടവിള കുരിശ്ശടി സ്വർണപൊട്ട് | 1 എണ്ണം |
| ചില്ലിൻവിള കുരിശ്ശടി കാണിക്ക | 1142 |
| ചില്ലിൻവിള കുരിശ്ശടി സ്വർണപൊട്ട് | 1 എണ്ണം |
| ചില്ലിൻവിള കുരിശ്ശടി സാരി | 1 എണ്ണം |
| താഴയ്ക്കാമണ്ണടി കുരിശ്ശടി കാണിക്ക | 714 |
| താഴയ്ക്കാമണ്ണടി നോട്ടുമാല 2 എണ്ണം 20X25+10X20 | 700 |
| പുത്തൻകട കുരിശ്ശടി കാണിക്ക | 1801 |
| ഞായർ I ദിവ്യബലി കാണിക്ക | 3870 |
| കാഴ്ചവയ്പ് കുടുംബപ്രേഷിതത്വം | 2320 |
| ഞായർ II ദിവ്യബലി കാണിക്ക | 3500 |
| മുൻലേല വരവ് | 360 |
| ഞായർ I ദിവ്യബലി കാണിക്ക | 3202 |
| കാഴ്ചവയ്പ് മലഞ്ചെരിക് BCC | 2010 |
| ഞായർ II ദിവ്യബലി കാണിക്ക | 3268 |
| ഞായർ സാരി ലേലവരവ് | 400 |
| മാസവരി ഇനത്തിൽ | 30290 |
| **ആകെ** | **145646** |

| ചെലവ് | |
|---|---|
| കമ്പ്യൂട്ടറിന്റെ മോണിറ്റർ | 4800 |
| Fire Extinguisher | 4248 |
| മരം മുറിച്ചതിന് കൂലി ഇനത്തിൽ | 15000 |
| ദൈവാലയത്തിലേയ്ക്ക് ബഞ്ച് ചെയ്യുന്നതിലേയ്ക്ക് മരം അറുത്ത കൂലി ഇനത്തിൽ | 12000 |
| അലുമിനിയം ഫാബ്രിക്കേഷൻ വർക്ക്സ് സാധനവും കൂലിയും ഉൾപ്പെടെ | 48000 |
| ക്രിസ്റ്റ് വോയ്സ് പ്രിന്റിംഗ് ചാർജ് | 4400 |
| ഓസ്തി വാങ്ങിയത് | 2250 |
| സാമുദായിക ശാക്തീകരണം ക്ലാസ് എടുത്തതിന് റ്റി.എ. ഇനത്തിൽ | 1500 |
| കട്ടൻചായ + ബിസ്ക്കറ്റ് | 200 |
| ബൊക്കെ ചെയ്തിന് | 200 |
| മണികുന്തിരിക്കം | 750 |
| T.M.B ൽ ഫിക്സഡ് ഡെപ്പോസിറ്റ് ചെയ്തത് | 100000 |
| വിറക് അടുക്കിയതിന് കൂലി ഇനത്തിൽ | 500 |
| ജനറേറ്ററിന് ഡീസൽ വാങ്ങിയതിന് | 4000 |
| സെന്റ് സേവിയേഴ്സ് സ്കൂളിലെ ESI കുടിശിക അടച്ചത് | 246396 |
| കുടുംബരേഖ ബുക്ക് 50 എണ്ണം വാങ്ങിയത് | 1000 |
| കൺസ്ട്രക്ഷൻ ഫണ്ടിലേയ്ക്ക് യൂണിയൻ ബാങ്കിൽ നിക്ഷേപിച്ചത് | 49000 |
| രോഗികൾക്ക് വിശുദ്ധ കുർബ്ബാന നൽകുവാൻ പോയ ഓട്ടോചാർജ് | 600 |
| പരസ്പര സഹായനിധി 3 എണ്ണം അടച്ചത് | 12000 |
| കുർബ്ബാന തിരി വാങ്ങിയത് | 300 |
| കറന്റ് ചാർജ് പള്ളി | 8584 |
| കറന്റ് ചാർജ് മേട | 4191 |
| കറന്റ് ചാർജ് സെന്റ് സേവ്യേഴ്സ് സ്കൂൾ | 5363 |
| കറന്റ് ചാർജ് പട്ട്യക്കാല കുരിശ്ശടി | 2856 |
| കറന്റ് ചാർജ് പണ്ടാരതോട്ടം കുരിശ്ശടി | 1967 |
| കറന്റ് ചാർജ് പുന്നയ്ക്കാവിള കുരിശ്ശടി | 903 |
| കറന്റ് ചാർജ് കടവിള കുരിശ്ശടി | 634 |
| കറന്റ് ചാർജ് ചില്ലിൻവിള കുരിശ്ശടി | 1554 |
| കറന്റ് ചാർജ് താഴയ്ക്കാമണ്ണടി കുരിശ്ശടി | 325 |
| കറന്റ് ചാർജ് പുത്തൻകട കുരിശ്ശടി | 829 |
| മഴവെള്ള സംഭരണി വൃത്തിയാക്കിയതിന് | 3100 |
| കിണറ്റിലെ ഗ്രിൽ പെയിന്റ് ചെയ്തതിന് | 1950 |
| ദൈവാലയത്തിലും പരിസരത്തിലും ബൾബ് മാറ്റിയതിന് | 880 |
| കെ.ആർ.എൽ.സി.സി. വിസിറ്റിങ്ങിന് വന്നവർക്ക് ചായ | 90 |
| പ്രിന്ററിന് CATRIDGE | 400 |
| KRLCC ഭാരവാഹികൾക്ക് ഗിഫ്റ്റ് കൊടുത്തത് | 1700 |
| ഭാരവാഹികളെ കൊണ്ടുവന്നതിനും തിരിച്ച് കൊണ്ടുപോയതിനും വാഹനത്തിന് | 500 |

| | |
|---|---|
| ബി.സി.സി. യോഗത്തിന് കട്ടൻ ചായ | 400 |
| അൾത്താര തിരി | 306 |
| ഇടവകവികാരി അലവൻസ് | 15000 |
| ഇടവകവികാരി റ്റി.എ | 2000 |
| ഉപദേശി അലവൻസ് | 6000 |
| കപ്യാർ അലവൻസ് | 3000 |
| സ്വീപ്പർ അലവൻസ് | 2500 |
| **ആകെ** | **572176** |
| ആകെ | 145646 |
| മുൻമാസ നീക്കിയിരിപ്പ് | 537836 |
| ആകെ വരവ് | 683482 |
| തൻമാസ ചെലവ് | 572176 |
| **ആകെ നീക്കിയിരിപ്പ്** | **111306** |

## കറന്റ് അഫയേഴ്സ് ക്വിസ് 5

1. 2026 ലെ ഓസ്ട്രേലിയൻ ഓപ്പൺ നേടിയ വനിതാ താരം?
2. മായാ മനുഷ്യർ എന്ന കൃതി രചിച്ചതാര്?
3. 2026 ലെ ISRO യുടെ ആദ്യത്തെ വിക്ഷേപണ ദൗത്യം ഏതാണ്?
4. കേരളത്തിൽ പുതിയ എച്ച്ഐവി ബാധിതർ ഇല്ലാതെയാകാൻ ആരോഗ്യവകുപ്പ് ആരംഭിച്ച പദ്ധതി ഏത്?
5. പതിനാറാമത് നിയമസഭയിലെ സാമൂഹ്യനീതി വകുപ്പ് മന്ത്രി ആര്?
6. 2021ൽ പ്രഖ്യാപിച്ച ദേശീയ ചലച്ചിത്ര പുരസ്കാരം നേടിയ മികച്ച നടിയാര്?
7. യോഗ പോളിസി നടപ്പിലാക്കുന്ന ആദ്യ ഇന്ത്യൻ സംസ്ഥാനം?
8. 2021ലെ വനിതാ ക്രിക്കറ്റ് വേൾഡ് കപ്പിലെ പ്ലെയർ ഓഫ് ദ ടൂർണമെന്റ് ആരാണ്?
9. ലക്ഷദ്വീപിലെ ആദ്യത്തെ സ്വകാര്യ കൊമേഷ്യൽ ബാങ്ക് ഏതാണ്?
10. കേരള പോപ്പുലർ അക്കാദമി ചെയർമാൻ ആരാണ്?
11. 33-ാമത്തെ എഴുത്തച്ഛൻ പുരസ്കാര ജേതാവ് ആര്?
12. കേരളത്തിൽ ഇനി മുതൽ ഡോക്ടറുടെ കുറുപ്പടിയോടെ നൽകുന്ന ആന്റിബയോട്ടിക്കുകൾ ഏതു നിറമുള്ള കവറുകളിൽ നൽക?ണം
13. 2026 ലെ G 20 വേദി എവിടെ?
14. 2021 ഏപ്രിലിൽ കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ മാലിന്യമുക്ത ജില്ലയായി ഔദ്യോഗികമായി പ്രഖ്യാപിക്കപ്പെട്ടത്?
15. കേരളത്തിന്റെ അഡ്വക്കേറ്റ് ജനറൽ ആരാണ്?
16. 2021ൽ ലോകാരോഗ്യ സംഘടനയുടെ ആഗോള മാതൃക പദ്ധതിയിൽ ഉൾപ്പെട്ട കേരളത്തിൽ നിന്നുമുള്ള പദ്ധതി ഏത്?
17. വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖത്ത് ആദ്യമായി എത്തിയ ചരക്ക് കപ്പൽ ഏത്?
18. ഇന്ത്യയിൽ അതിദരിദ്രർ ഇല്ലാത്ത ആദ്യ ജില്ല?
19. ഹോർമോസ് കടലിടുക്കിൽ കുടുങ്ങിക്കിടക്കുന്ന കപ്പലുകളെ ലക്ഷ്യസ്ഥാനത്തേക്ക് കടത്തിവിടുന്നത് ലക്ഷ്യമിട്ട് യുഎസ് ആരംഭിച്ച ദൗത്യം ഏത്?

20. 2023ലെ എത്രാമത്തെ ദാദാസാഹിബ് ഫാൽക്കെ പുരസ്കാരമാണ് മോഹൻലാലിന് ലഭിച്ചത്?
21. ഹൈദരാബാദിനെ ഇന്ത്യയുമായി കൂട്ടിച്ചേർത്ത സൈനിക നടപടി?
22. ആത്മവിദ്യാ സംഘത്തിന്റെ മുഖപത്രം?
23. വേലക്കാരൻ എന്ന പ്രസിദ്ധീകരണം ആരംഭിച്ച വ്യക്തി?
24. ഇംഗ്ലണ്ടിലെ മഹത്തായ വിപ്ലവം നടന്ന വർഷം?
25. വ്യാവസായിക പദ്ധതി എന്നറിയപ്പെടുന്ന പഞ്ചവത്സര പദ്ധതി?
26. കൊച്ചിയിൽ നടന്ന ഭൂസർവേ അറിയപ്പെട്ടിരുന്നത്?
27. കേരള കോൺഗ്രസ് സോഷ്യലിസ്റ്റ് പാർട്ടി രൂപീകൃതമായ വർഷം?
28. സുൽത്താൻ എന്ന സ്ഥാനപ്പേര് സ്വീകരിക്കാത്ത രാജവംശം?
29. ഹിന്ദു വിധവ പുനർവിവാഹ നിയമത്തിന്റെ കരട് തയ്യാറാക്കിയത്?
30. അമേരിക്കയുടെ വൈസ് പ്രസിഡന്റ് ആയ ആദ്യ വനിത?
31. ആനമുടിയുടെ ഉയരം എത്ര?
32. ഇനി ഞാൻ ഒഴുകട്ടെ പദ്ധതിയുടെ നിർവഹണ ചുമതല വഹിക്കുന്നത് ആരാണ്?
33. കേരളത്തിൽ പടിഞ്ഞാറോട്ട് ഒഴുകുന്ന നദികളുടെ എണ്ണം?
34. കേരളത്തിൽ കൂടുതലായി കാണപ്പെടുന്ന മണ്ണിനം?
35. കേരളത്തിന്റെ കിഴക്കൻ അതിര് ഏത്?
36. ഏത് അനുച്ഛേദപ്രകാരമാണ് അടിയന്തരാവസ്ഥക്കാലത്ത് ആർട്ടിക്കിൾ 19 റദ്ദ് ചെയ്യുന്നത്?
37. പഞ്ചായത്തീരാജിന് ഭരണഘടന സാധ്യത നൽകിയ ഭരണഘടന ഭേദഗതി?
38. ഗവർണറെ കുറിച്ച് പ്രതിപാദിക്കുന്ന വകുപ്പ്?
39. ഇന്ത്യൻ സ്വാതന്ത്ര്യ ബിൽ അവതരിപ്പിച്ചത്?
40. 44-ാം ഭേദഗതി നിലവിൽ വന്നത്?
41. ശരീരത്തിൽ ജലം നിലനിർത്തുന്ന ധാതു?
42. മനുഷ്യ ശരീരത്തിലെ ഏറ്റവും വലിയ സിര?
43. ടൈഫോയിഡ് പകരുന്നത് ഏതിലൂടെയാണ്?
44. പാലിന്റെ പിഎച്ച് മൂല്യം?
45. മിന്നലിൽ ദ്രവ്യം കാണപ്പെടുന്ന അവസ്ഥ?
46. വർണ്ണാന്ധതയുള്ളവർക്ക് തിരിച്ചറിയാൻ കഴിയാത്ത നിറങ്ങൾ?
47. ആവർത്തന പട്ടികയിലെ ഏറ്റവും ഭാരം കുറഞ്ഞ ലോഹം?
48. ശബ്ദത്തിന്റെ വേഗത ഏറ്റവും കുറഞ്ഞ മാധ്യമം?
49. ലോഹസ്വഭാവം കാണിക്കുന്ന അലോഹ മൂലകം?
50. ശുദ്ധ രക്തം വഹിക്കുന്ന ഏക സിര?

**ക്വിസ് ഉത്തരങ്ങൾ സമർപ്പിക്കാനുള്ള അവസാന തീയതി ആഗസ്റ്റ് 16 ഞായറാഴ്ച വൈകുന്നേരം 7 മണി**

# ക്രിസ് വോയ്സ് ക്വിസ് - 9
## ഉത്തരങ്ങൾ

1. അധ്വാനം (1:3) സഭാപ്രസംഗകൻ
2. കാറ്റ് (സഭാ. 1:6)
3. കഴിഞ്ഞതൊന്നും (സഭാ. 1:11)
4. ജറുസലെമിൽ ഇസ്രായേലിന്റെ (സഭാ. 1:12)
5. സഭാപ്രസംഗകൻ (1:16)
6. അറിവു വർദ്ധിക്കുമ്പോൾ (സഭാ. 1:18)
7. സുഖഭോഗങ്ങൾ (സഭാ. 2:1)
8. വീഞ്ഞുകൊണ്ട് (സഭാ. 2:3)
9. മനുഷ്യൻ (സഭാ. 2:8)
10. ജ്ഞാനത്തിൽ നിന്ന് (സഭാ. 2:9)
11. ജ്ഞാനം (2:13)
12. ജ്ഞാനി, ഭോഷൻ (2:14)
13. ജീവിതം (2:17)
14. സ്വന്തം പ്രയത്നത്തിൽ (2:24)

15. പാപിക്ക് (2:26)
16. സമസ്തകാര്യത്തിനും (3:1)
17. നഷ്ടപ്പെടുത്താൻ (3:6)
18. കാലത്തിന്റെ സമഗ്രതയെക്കുറിച്ചുള്ള (സഭാ. 3:11)
19. ശാശ്വതം (3:14)
20. മൃഗത്തെക്കാൾ (സഭാ. 3:19)
21. പരസ്പര സ്പർധയുടെ (സഭാ. 4:4)
22. ഒരു പിടി സ്വസ്ഥത (4:6)
23. ഭോഷന്മാൻ (സഭാ. 5:1)
24. അധരങ്ങൾ (സഭാ. 5:6)
25. വാക്കുകളുടെ (6:11)
26. പിതാവ്
27. പിതാവായ ദൈവത്തിന്റെ
28. ശപിക്കപ്പെട്ടവനാകട്ടെ
29. ക്രിസ്തുവിന്റെ
30. വി. പൗലോസ്
31. പതിനഞ്ചുദിവസം (ഗലാ.1:18)
32. പത്രോസിന് (2:7)
33. യാക്കോബും കേപ്പായും യോഹന്നാനും (2:9)
34. ക്രിസ്തുവിനുള്ള വിശ്വാസം വഴി (ഗലാ. 2:16)
35. നിയമത്തിലൂടെ (ഗലാ. 2:19)
36. മരണത്തിനും (ഗലാ. 2:21)
37. വിശ്വാസമുള്ളവരാണ് (ഗലാ. 3:7)
38. നീതിമാൻ (ഗലാ. 3:11)
39. നിയമ 21:23 (ഗലാ. 3:13)
40. ദൈവഹിതം (ഗലാ. 4:7)
41. ഈറ്റുനോവ് (ഗലാ. 4:19)
42. ഹാഗാർ (ഗലാ. 4:24)
43. സ്വാതന്ത്ര്യത്തിലേയ്ക്ക് (ഗലാ. 5:1)
44. ശിക്ഷ (5:10)
45. ദാസരെപ്പോലെ (ഗലാ. 5:13)
46. നിന്നെപ്പോലെ നിന്റെ അയൽക്കാരനെയും സ്നേഹിക്കുക (ഗലാ. 5:14)
47. ജഡമോഹങ്ങളെ (ഗലാ. 5:16)
48. വചനം (6:6)
49. നന്മ (6:9)
50. പുതിയ സൃഷ്ടിയാവുക (ഗലാ. 5:15)

## ക്രിസ് വോയിസ് - 10 | വി. യോഹന്നാന്റെ സുവിശേഷം 1 - 6

1. 'അവൻ ആദിയിൽ ദൈവത്തോടുകൂടെയായിരുന്നു;' അവൻ ആര്?
2. വെളിച്ചത്തിനു സാക്ഷ്യം നൽകാൻ വന്നതാര്?
3. 'തന്നെ സ്വീകരിച്ചവർക്കെല്ലാം, തന്റെ നാമത്തിൽ വിശ്വസിച്ചവർക്കെല്ലാം, ദൈവമക്കളാകാൻ അവൻ കഴിവുനൽകി;' അദ്ധ്യായം? വാക്യം?
4. എന്റെ പിന്നാലെ വരുന്നവൻ എന്നെക്കാൾ വലിയവനാണ്; കാരണം..............................
5. ദൈവത്തെ ആരും ഒരിക്കലും ........................
6. 'കർത്താവിന്റെ വഴികൾ നേരെയാക്കുവിൻ എന്നു മരുഭൂമിയിൽ വിളിച്ചു പറയുന്നവന്റെ ശബ്ദമാണു ഞാൻ' എന്നു രേഖപ്പെടുത്തിയിരിക്കുന്ന പഴയനിയമഭാഗം?
7. യേശുവിനു സാക്ഷ്യം നൽകിക്കൊണ്ട് യോഹന്നാൻ എവിടെ വച്ചാണ് സംസാരിച്ചത്?
8. ഇതാ ദൈവത്തിന്റെ കുഞ്ഞാട്; അദ്ധ്യായം? വാക്യം?
9. യേശുവിനെ അനുഗമിച്ച രണ്ടുപേരിൽ ഒരുവന്റെ പേര്?
10. 'എന്നെ അനുഗമിക്കുക' എന്ന് യേശു ആദ്യം പറഞ്ഞതായി കാണുന്നത് ഏത് ശിഷ്യനോടാണ്?
11. നസറത്തിൽ നിന്നുള്ള യേശുവിനെ കണ്ടു പറയുന്നതാര്?
12. യേശുവും ശിഷ്യന്മാരും ക്ഷണിക്കപ്പെട്ടിരുന്ന വിരുന്ന് നടന്നതെവിടെ?
13. കൽഭരണികൾ എന്തിന് ഉപയോഗിച്ചിരുന്നു?
14. കഫർണാമിൽ യേശു എത്ര ദിവസം താമസിച്ചു?
15. ആലയത്തെക്കുറിച്ചുള്ള തീക്ഷ്ണത പ്രതിപാദിക്കുന്ന പഴയനിയമഭാഗം?
16. ജറുസലെമിലായിരിക്കുമ്പോൾ പ്രവർത്തിച്ച........................കണ്ട് വളരെപ്പേർ യേശുവിന്റെ നാമത്തിൽ വിശ്വസിച്ചു.
17. റബ്ബീ എന്നു വിളിച്ച് യേശുവിനെ അഭിസംബോധന ചെയ്തതാര്?
18. 'ഇക്കാര്യങ്ങളൊന്നും മനസിലാകുന്നില്ലേ?' ആര് ആരോട് പറഞ്ഞു?

19. ദൈവം തന്റെ പുത്രനെ ലോകത്തിലേയ്ക്കയച്ചത് എന്തിനാണ്?
20. അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്നു വെളിപ്പെടുന്നു. ആരുടെ?
21. മണവാളനെ ശ്രവിക്കുന്ന സ്നേഹിതൻ ....................................................ൽ വളരെ സന്തോഷിക്കുന്നു.
22. യാക്കോബ് തന്റെ മകൻ ജോസഫിനു നൽകിയ വയലിനടുത്തുള്ള പട്ടണം?
23. 'ആ ജലം എനിക്ക് തരുക, മേലിൽ എനിക്ക് ദാഹിക്കുകയില്ല' ആരുടെ വാക്കുകൾ?
24. യഥാർത്ഥ ആരാധകർ...............ലും ..........................ലും പിതാവിനെ ആരാധിക്കുന്ന സമയം വരുന്നു
25. തങ്ങളോടൊത്തു വസിക്കണമെന്ന് യേശുവിനോട് ആവശ്യപ്പെട്ടതാര്?
26. രാജസേവകൻ എവിടെ നിന്നുള്ളവനായിരുന്നു?
27. ബേത്സഥാ കുളത്തിന് എത്ര മണ്ഡപങ്ങളുണ്ടായിരുന്നു?
28. 'ഇന്നു സാബത്താകയാൽ കിടക്ക ചുമക്കുന്നത് നിഷിദ്ധമാണ്' ആരുടെ വാക്കുകൾ?
29. ഞാൻ ശ്രവിക്കുന്നതുപോലെ ഞാൻ......................
30. കത്തി ജ്വലിക്കുന്ന ഒരു വിളക്കായിരുന്നു അവൻ. അവൻ ആര്?
31. നിങ്ങൾ പ്രത്യാശ അർപ്പിച്ചിരിക്കുന്ന......................... ആയിരിക്കും നിങ്ങളെ കുറ്റപ്പെടുത്തുക.
32. ഗലീലി കടലിന്റെ മറ്റൊരു പേര്?
33. ഓരോരുത്തർക്കും അൽപംവീതം കൊടുക്കുവാൻ.............................അപ്പം പോലും തികയുകയില്ല.
34. പുല്ലു തഴച്ചു വളർന്നിരുന്ന സ്ഥലത്ത് എത്ര പുരുഷന്മാർ ഇരുന്നു?
35. 'ലോകത്തിലേയ്ക്കു വരാനിരിക്കുന്ന പ്രവാചകൻ സത്യമായും ഇവനാണ്' ആരുടെ വാക്കുകൾ?
36. ജനങ്ങൾ വന്നു തന്നെ രാജാവാക്കാൻ വേണ്ടി ബലമായി പിടിച്ചുകൊണ്ടുപോകാൻ ഭാവിക്കുന്നു എന്നു മനസിലാക്കിയ യേശു എന്തുചെയ്തു?
37. 'ഞാനാണ്, ഭയപ്പെടേണ്ട' അദ്ധ്യായം, വാക്യം?
38. ......................കണ്ടതുകൊണ്ടല്ല, അപ്പം ഭക്ഷിച്ചു തൃപ്തരായതുകൊണ്ടാണ് നിങ്ങൾ എന്നെ അന്വേഷിക്കുന്നത്.
39. ഇതാണു ദൈവഹിതമനുസരിച്ചുള്ള പ്രവൃത്തി. ഏതാണ് ആ പ്രവൃത്തി?
40. ....................... ആണ് സ്വർഗത്തിൽ നിന്ന് നിങ്ങൾക്ക് യഥാർത്ഥമായ അപ്പം തരുന്നത്.
41.............................. ആകർഷിച്ചാലല്ലാതെ ഒരുവനും എന്റെ അടുക്കലേയ്ക്കു വരാൻ സാധിക്കുകയില്ല.
42. വി. യോഹ. 6:45 നു സമാനമായ പഴയനിയമഭാഗം?
43. ലോകത്തിന്റെ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം ...................... ആണ്.
44. .................................. പിതാവ് എന്നെ അയച്ചു
45. 'ഈ വചനം കഠിനമാണ്. ഇത് ശ്രവിക്കാൻ ആർക്ക് കഴിയും' ആരുടെ വാക്കുകൾ?
46. ..............................ൽ നിന്നു വരം ലഭിച്ചാലല്ലാതെ എന്റെയടുക്കലേക്കുവരാൻ ആർക്കും സാധിക്കുകയില്ല.
47. നിത്യജീവന്റെ വചനങ്ങൾ നിന്റെ പക്കലുണ്ട്. ആരുടെ വാക്കുകൾ?
48. 5 ബാർലിയപ്പത്തിൽ നിന്നു ജനങ്ങൾ ഭക്ഷിച്ചതിനുശേഷം മിച്ചം വന്ന കഷണങ്ങൾ............. കുട്ട നിറയെ ശേഖരിച്ചു.
50. ഇഷ്ടമല്ല, .................................. ഇഷ്ടമാണ് ഞാൻ അന്വേഷിക്കുന്നത്.

**ഉത്തരങ്ങൾ ആഗസ്റ്റ് 16 വൈകുന്നരം 7 മണിക്ക് മുമ്പ് ഇടവക ഓഫീസിൽ ഏൽപ്പിക്കേണ്ടതാണ്.**

**കേരള സർക്കാർ**

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - ജസ്റ്റിസ് (റിട്ട) ജെ.ബി കോശി കമ്മീഷൻ ശിപാർശ - ലത്തീൻ കത്തോലിക്ക സർട്ടിഫിക്കറ്റ് അനുവദിക്കുന്നതുമായി ബന്ധപ്പെട്ട 1947 എന്ന കാലഗണന ഒഴിവാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്**

സ.ഉ.(കൈ) നം.3/2026/BCDD തീയതി ,തിരുവനന്തപുരം, 05-03-2026

പരാമർശം:-

1) സ.ഉ.(എം.എസ്) നം.113/10/പജപവവിവ തീയതി 04/11/2010.
2) 22.08.2011 തീയതിയിലെ 25638/എഫ്.3/09/പജപവവിവ നമ്പർ സർക്കുലർ.
3) സ.ഉ.(കൈ)നം.55/2012/പജപവവിവ തീയതി 04/04/2012.
4) 27.02.2016 തീയതിലെ 585/2016/പിസവിവ നമ്പർ സർക്കുലർ.
5) കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 29.09.2020 തീയതിയിലെ ഉപദേശം.
6) ജസ്റ്റിസ് (റിട്ട) ജെ.ബി കോശി കമ്മീഷൻ ശിപാർശ നമ്പർ 8.76 (g), 8.76 (h).
7) പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 13.11.2025 തീയതിയിലെ BCDIR/334/2025-B2 നമ്പർ കത്ത്.
8) കിർത്താഡ്സ് ഡയറക്ടറുടെ 21.11.2025 തീയതിയിലെ KTDS/2043/2025-V നമ്പർ കത്ത്.
9) കേരള റീജിയൻ ലാറ്റിൻ കാത്തലിക് കൗൺസിലിന്റെ 11.07.2025, 31.08.2025 എന്നീ തീയതികളിലെ നിവേദനങ്ങൾ.
10) നെയ്യാറ്റിൻകര രൂപതാ ബിഷപ്പിന്റെ 05.11.2025, 27.01.2026 എന്നീ തീയതികളിലെ നിവേദനങ്ങൾ.

**ഉത്തരവ്**

പരാമർശം (1) പ്രകാരം 1947-ന് മുമ്പ് ലത്തീൻ കത്തോലിക്കാ വിശ്വാസികളായി ചേർന്നവർക്കും അവരുടെ പിൻ തലമുറക്കാർക്കും മാത്രമേ ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റ് ലഭ്യമാകാൻ അർഹതയുള്ളൂ എന്ന് ഉത്തരവായിരുന്നു. ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ പിതാവും ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങളായിരുന്നുവെന്ന് ബിഷപ്പുമാർ നൽകുന്ന സാക്ഷ്യപത്രം റവന്യൂ അധികാരികളുടെ അന്വേഷണത്തിന് സഹായകരമായ ഒരു രേഖയായി പരിഗണിക്കേണ്ടതാണെന്നും ടി രേഖയുടെയും വില്ലേജ് ആഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടേയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് നൽകേണ്ടതാണ് എന്നും പരാമർശം (1) ഉത്തരവിൽ ഭേദഗതി വരുത്തി പാരാമർശം (3) പ്രകാരം ഉത്തരവായിരുന്നു.

2) പരാമർശം (4) പ്രകാരം ലത്തീൻ കത്തോലിക്കാ വിഭാഗത്തിനും എസ്.ഐ.യു.സി. നാടാർ ക്രിസ്ത്യൻ വിഭാഗത്തിനും അവരുടെ സമുദായ സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് പ്രസ്തുത വിഭാഗക്കാർ 1947-ന് മുമ്പ് ലത്തീൻ കത്തോലിക്ക / എസ്.ഐ.യു.സി. വിഭാഗങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരാണെന്ന് തെളിയിക്കുന്ന രേഖകൾ ഒഴിവാക്കി ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സർട്ടിഫിക്കറ്റിന്റെയും റവന്യൂ അധികാരികൾ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെയും അടിസ്ഥാനത്തിൽ ലത്തീൻ കത്തോലിക്ക/എസ്.ഐ.യു.സി. സമുദായങ്ങൾക്ക് അവരുടെ ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകണമെന്ന്

നിർദ്ദേശം നൽകിയിരുന്നു.

3) ലത്തീൻ കത്തോലിക്കാ ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം അപ്രസക്തമായ 1947 എന്ന അടിസ്ഥാനവർഷം ലത്തീൻ കത്തോലിക്കാ ക്രൈസ്തവ സ്വത്വം നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡമായി നിശ്ചയിച്ചത് നീക്കം ചെയ്യേണ്ടതാണെന്ന് ജസ്റ്റിസ് (റിട്ട) ജെ.ബി.കോശി കമ്മീഷൻ ശിപാർശ ചെയ്തിരുന്നു. കൂടാതെ 1947 എന്ന അടിസ്ഥാന വർഷം നിലനിൽക്കുന്നത് ലത്തീൻ കത്തോലിക്കാ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് തടസ്സം സൃഷ്ടിക്കുന്നു എന്ന തരത്തിൽ നിരവധി പരാതികളും സർക്കാരിൽ ലഭിക്കുകയുണ്ടായി.

4) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ജസ്റ്റിസ് (റിട്ട) ജെ. ബി. കോശി കമ്മീഷൻ റിപ്പോർട്ടിൽ ഖണ്ഡിക 8.76 (g) യിലെ ഇക്കാര്യത്തിലെ ശിപാർശ അംഗീകരിച്ച് ലത്തീൻ കത്തോലിക്കാ സമുദായ സർട്ടിഫിക്കറ്റിന്റെ ഗുണഭോക്താവും പ്രസ്തുത വ്യക്തിയുടെ മാതാവോ/പിതാവോ ലത്തീൻ കത്തോലിക്കാ സമുദായാംഗങ്ങളായിരുന്നുവെന്ന് ബന്ധപ്പെട്ട ബിഷപ്പുമാർ നൽകുന്ന സാക്ഷ്യപത്രം റവന്യൂ അധികാരികളുടെ അന്വേഷണത്തിനു സഹായകരമായ ഒരു രേഖയായി പരിഗണിച്ചും, വില്ലേജ് ഓഫീസർ നടത്തുന്ന പ്രാദേശിക അന്വേഷണത്തിൽ വെളിവാകുന്ന വസ്തുതകളുടെ അടിസ്ഥാനത്തിലും ലത്തീൻ കത്തോലിക്ക ജാതി/സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കേണ്ടതാണെന്നും, 1947 എന്ന വർഷം ലത്തീൻ കത്തോലിക്ക ജാതി/സമുദായ സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള മാനദണ്ഡമായി പരിഗണിക്കേണ്ടതില്ലെന്നും ഇതിനാൽ ഉത്തരവാകുന്നു.

5) പരാമർശം (1) സർക്കാർ ഉത്തരവ് മേൽ പ്രകാരം ഭേദഗതി വരുത്തിയും, പരാമർശം (2) സർക്കുലറിന് മേൽ ഭേദഗതി ബാധകമാക്കികൊണ്ടും, പരാമർശം (3) ഉത്തരവ് റദ്ദുചെയ്തും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ എ കൗശിഗൻ ഐഎഎസ്
സെക്രട്ടറി

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, പട്ടം, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം.
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവന്തപുരം.
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം.
ഡയറക്ടർ, പട്ടിവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം.
ഡയറക്ടർ, കിർത്താഡ്സ്.
ലാൻഡ് റവന്യൂ കമ്മിഷണർ, തിരുവനന്തപുരം.
എല്ലാ വകുപ്പ് അദ്ധ്യക്ഷന്മാർക്കും.
എല്ലാ ജില്ലാ കളക്ടർമാർക്കും.
പൊതുഭരണ (എസ്.സി) വകുപ്പ്. (24-2-2026-ലെ ഇനം നം.3746 O.A പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ (വെബ് & ന്യൂമീഡിയ), ഐ & പി.ആർ.ഡി.
റവന്യൂ വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Signed by
Rajimon. M
Date: 05-03-2026 18:39:1
സെക്ഷൻ ഓഫീസർ.

പകർപ്പ്:-
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
ബഹു. പട്ടികജാതി-പട്ടികവർഗ്ഗ പിന്നാക്ക സമുദായ ക്ഷേമവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് സെക്രട്ടറിയുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി & ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടി യുടെ പി.എ യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ പി.എ.യ്ക്ക്

# മൂന്നാം ചരമവാർഷികം

28-08-2026



തിരുപുറം കശുവൻവിള വീട്ടിൽ

# കെ.അർജുനൻ

**ഭാര്യ: കെ.ചന്ദ്രിക**

**മക്കൾ: അനു**
**അനീഷ്**
**അനുപ്**

**മരുമക്കൾ: ഷീജ,സാന്ദ്ര,വിസ്മയ**

**ചെറുമക്കൾ: അമേയ, അഡോണ, ഇസബെല്ല സാൻ മരിയ, അനയ**

VELOX LEARNING | PSC COACHING CENTRE



# ലക്ഷ്യം LDC 2027!

## സർക്കാർ ജോലി ഇനി നിങ്ങളുടെ കൈകളിൽ!

നിങ്ങളുടെ സ്വപ്ന ജോലിയിലേക്ക് ഒരു ചുവടുവെപ്പ് കൂടി! വരാനിരിക്കുന്ന LDC (Lower Division Clerk) പരീക്ഷയ്ക്കായി മികച്ച രീതിയിൽ തയ്യാറെടുക്കാൻ നിങ്ങൾ ആഗ്രഹിക്കുന്നുണ്ടോ?

**എങ്കിൽ ഇതാ സുവർണ്ണാവസരം!**

**ഞങ്ങളുടെ New LDC Batch-ലേക്ക് അഡ്മിഷൻ ആരംഭിച്ചിരിക്കുന്നു!**

### ഞങ്ങളുടെ പ്രത്യേകതകൾ

- **Syllabus-Based Classes:** പി.എസ്.സി സിലബസ് പൂർണ്ണമായും കവർ ചെയ്യുന്ന ക്ലാസുകൾ.
- **Daily & Weekly Exams:** നിങ്ങളുടെ പുരോഗതി വിലയിരുത്താൻ ദിവസേനയുള്ള മോക്ക് ടെസ്റ്റുകൾ.
- **SCERT / NCERT Special Sessions:** അടിസ്ഥാന വിവരങ്ങൾ ഉറപ്പാക്കാൻ പ്രത്യേക കോച്ചിംഗ്.
- **Maths & Mental Ability Shortcuts:** കണക്കിലെ എളുപ്പവഴികളും ട്രിക്കുകളും.
- **Current Affairs Updates:** ദിവസേനയുള്ള കറന്റ് അഫയേഴ്സ് നോട്ട്സുകൾ.
- **Personal Mentoring:** ഓരോ വിദ്യാർത്ഥിക്കും വ്യക്തിപരമായ ശ്രദ്ധയും പിന്തുണയും.

"ശരിയായ പരിശീലനമാണ് വിജയത്തിന്റെ രഹസ്യം."
ലക്ഷ്യബോധത്തോടെ പഠിക്കൂ, വിജയം സ്വന്തമാക്കൂ!

തിങ്കൾ മുതൽ വെള്ളി വരെ

| | |
|---|---|
| Early Morning | 06.30 am to 08.30 pm |
| Regular | 10.00 am to 01.30 pm |
| Night | 06.30 pm to 08.30 pm |

തിങ്കൾ / ബുധൻ / വെള്ളി

| | |
|---|---|
| രാവിലെ 09.30 am to 03.30 pm | 2 Session Class |

ചൊവ്വ / വ്യാഴം / ശനി

| | |
|---|---|
| രാവിലെ 09.30 മുതൽ | Combine Study |

+91 9497414135
+91 9895064135

SBA Building, College Junction Pananinna Kanjiramkulam, Tvm
RS Tower Near Govt. College, Police Station Road Kanjiramkulam

janani PRINT MEDIA 9747000876